"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല — ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കിടയിൽ പരിക്ക് പറ്റിയ മണ്ണാർക്കാട് അഗ്നിശമന രക്ഷാകേന്ദ്രത്തിലെ സിവിൽ ഡിഫൻസ് വോളന്റിയർമാരായ ശ്രീ.സമീർ.പി, ശ്രീ. റിയാസ്.പി എന്നിവരുടെ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ.(സാധാ) നം.3547/2022/RD തീയതി,തിരുവനന്തപുരം, 23-08-2022

പരാമർശം:- 1 സ. ഉ. (കൈ) നം. 6/2022/ഡി.എം.ഡി തീയതി, 12.08.2022

ഉത്തരവ്

29.07.2021ൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കാപ്പുപറമ്പ് എന്ന പ്രദേശത്തുള്ള കോഴിമാലിന്യസംസ്കരണ പ്ലാന്റിൽ അഗ്നിബാധ യുണ്ടായതായും, പ്രസ്തുത സ്ഥലത്തു എത്തിയ അഗ്നിശമനരക്ഷാ കേന്ദ്രത്തിലെ സിവിൽ ഡിഫൻസ് വോളന്റിയർമാരായ ശ്രീ. സമീർ .പി, ശ്രീ. റിയാസ്.പി എന്നിവർക്ക് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനിടയിൽ പ്ലാന്റിന്റെ ഓയിൽ ടാങ്ക് പൊട്ടിത്തെറിച്ച് മാരകമായി പൊള്ളലേൽക്കുകയും അധിക ദിവസങ്ങൾ ആശുപത്രിയിൽ ചികിത്സയിൽ കഴിയേണ്ടിവരികയും നിലവിൽ തുടർചികിത്സ നടന്നു കൊണ്ടിരിക്കുകയാണെന്ന പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സമീർ.പിക്ക് 2,00,000/- രൂപയും, ശ്രീ. റിയാസ്.പിക്ക് 70,000/- രൂപയും പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

2. ദുരന്തനിവാരണ വകുപ്പിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ. സമീർ.പിക്ക് 2,00,000/-രൂപയും, ശ്രീ. റിയാസ്.പിക്ക് 70,000/- രൂപയും ചേർത്ത് ആകെ **2,70,000/- രൂപ (രണ്ടു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3 . വിതരണത്തിനാവശ്യമായിവരുന്ന **2,70,000/- രൂപ (രണ്ടു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)** "*2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)*" എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും DBT മുഖേന ശ്രീ. സമീർ.പിക്ക് 2,00,000/- രൂപയും, ശ്രീ. റിയാസ്.പിക്ക്

70,000/- രൂപയും വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാരി രാജൻ

സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

ദുരന്ത നിവാരണ (എ, ബി ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Rakesh Paul

Date: 23-08-2022 12:28:16

സെക്ഷൻ ഓഫീസർ